# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 8083 24/7/2012 ന് മറുപടിയ്ക്ക്

**പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ :<br>,, എളമരം കരീം :<br>,, പി. ശ്രീരാമകൃഷ്ണൻ :<br>,, വി. ശിവൻകുട്ടി : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള നടപടികൾ നിർത്തിവെക്കാനിടയായ സാഹചര്യം എന്തായിരുന്നു ; | (എ) പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനെതിരെ എസ്റ്റേറ്റ് ഉടമകൾ ബഹു. കോടതിയെ സമീപിക്കുകയും തോട്ടം ഏറ്റെടുത്തുകൊണ്ടുള്ള ഉത്തരവ് താല്ക്കാലികമായി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്റ്റേ നീക്കി കിട്ടുന്ന മുറക്ക് എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഏതെല്ലാം എസ്റ്റേറ്റുകളുടെ കാര്യത്തിലാണ് ഇനിയും ഏറ്റെടുക്കൽ ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എല്ലാ എസ്റ്റേറ്റുകളും കൂടി എത്ര ഏക്കർ ഭൂമിയുണ്ടെന്ന് അറിയിക്കാമോ ? | (ബി) പാട്ടക്കരാർ ലംഘിച്ച നെല്ലിയാമ്പതി മേഖലയിൽ വരുന്ന ചെറുനെല്ലി എസ്റ്റേറ്റ് - 250 ഏക്കർ, രാജാക്കാട്- 288.85 ഏക്കർ, മോങ്ക് വുഡ് - 232.82 ഏക്കർ, ചാലക്കുടി മേഖലയിൽ വരുന്ന ഹാരിസൺ മലയാളം മുപ്ളിവാലി എസ്റ്റേറ്റ് - 4896.65 ഏക്കർ, (ആകെ - 5668.32 ഏക്കർ) എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവായെങ്കിലും കൈവശക്കാർ ബഹു. കോടതിയിൽ നിന്നും തോട്ടം ഏറ്റെടുക്കുന്നതിനെതിരെ സ്റ്റേ ഉത്തരവ് സമ്പാദിച്ചതി |

-------2

നാൽ തോട്ടം ഏറ്റെടുക്കുന്നതിന് സാധിച്ചിട്ടില്ല. കൂടാതെ നെല്ലിയാമ്പതി മേഖലയിലെ കാരപ്പാറ എസ്റ്റേറ്റ് (എ&ബി) - 1148 ഏക്കർ, അലക്സാണ്ട്രിയ - 751.75 ഏക്കർ (15 എസ്റ്റേറ്റുകൾ), ചന്ദ്രമല - 808.40 ഏക്കർ (5 എസ്റ്റേറ്റുകൾ), ബിയാട്രീസ് - 33.68 ഏക്കർ, വാഴച്ചാൽ ഡിവിഷനിലെ പെരുമ്പാറ എസ്റ്റേറ്റ് ( 86.94 ഏക്കർ) (ആകെ - 2828.77 ഏക്കർ) എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.